No: CEE/3737/2012/KEAM-2013/TA1

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

# പത്രക്കുറിപ്പ്

## എഞ്ചിനീയറിംഗ്/മെഡിക്കൽ പ്രവേശന പരീക്ഷ-2013

കേരള എഞ്ചിനീയറിംഗ്/മെഡിക്കൽ പ്രവേശന പരീക്ഷക്ക് ഇതുവരെ 32000 പേർ ഓൺലൈൻ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്. ഫെബ്രുവരി 8 ാം തീയതി വൈകുന്നേരം 5 മണി വരെ ഓൺലൈൻ രജിസ്ട്രേഷൻ നടത്താം. ഫെബ്രുവരി 9 ാം തീയതി വൈകുന്നേരം 5 മണി വരെ അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധ രേഖകളും പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ സ്വീകരിക്കുന്നതാണ്.

MBBS/BDS കോഴ്സുകളിലെ പ്രവേശനത്തിനായി NEET (UG) ക്ക് അപേക്ഷിച്ചിട്ടുള്ളവർ അലോട്ട്മെന്റ് ലഭിക്കുവാനായി കേരള പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റ് വഴിയും ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധ രേഖകളും NEET (UG) യുടെ കൺഫർമേഷൻ പേജും ഫെബ്രുവരി 9 ാം തീയതി വൈകുന്നേരം 5 മണിക്ക് മുമ്പായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ എത്തിക്കേണ്ടതുമാണ്.

അപേക്ഷാ ഫീസ് : ജനറൽ വിഭാഗം 700 രൂപ, എസ്.സി/എസ്.ടി വിഭാഗം 350 രൂപ.

തദ്ദേശീയത (Nativity) തെളിയിക്കുന്ന രേഖ, കോഴ്സ് സർട്ടിഫിക്കറ്റ് അല്ലെങ്കിൽ 12 ാം ക്ലാസ്സിലെ മാർക്ക് ലിസ്റ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്, വിദ്യാർത്ഥിയും രക്ഷാകർത്താവും ഒപ്പിട്ട അപേക്ഷാ ഫാറത്തിലെ ഡിക്ലറേഷൻ, അപ്ലോഡ് ചെയ്ത ഫോട്ടോയുടെ പകർപ്പ് യഥാസ്ഥാനത്ത് ഒട്ടിച്ച് സ്കൂൾ മേധാവിയോ ഗസറ്റഡ് ഉദ്യോഗസ്ഥനോ സാക്ഷ്യപ്പെടുത്തൽ എന്നിവ പാലിക്കാത്ത അപേക്ഷകൾ നിരസിക്കുന്നതാണ്.

ഇ-ഡിസ്ട്രിക്റ്റ് നടപ്പാക്കിയിട്ടുള്ള ജില്ലകളിലെ വില്ലേജ് ഓഫീസർമാരും തഹസീൽദാർമാരും നൽകുന്ന ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവയുടെ കമ്പ്യൂട്ടർ പ്രിന്റൗട്ട് സംവരണാനുകൂല്യത്തിനായി പരിഗണിക്കുന്നതാണ്.

തിരുവനന്തപുരം **പ്രവേശന പരീക്ഷാ കമ്മീഷണർ**

18.01.2013